SAINTS COLLEGE LIBRARY THIVANDRUM

(Pages : 3)

E – 4335

Reg. No. : .....

Name : .....

Second Semester B.A./B.Sc. Degree Examination, August 2018
First Degree Programme Under CBCSS
MALAYALAM LANGUAGE
Language Course – V – Additional Language
ML 1211.1 : ഗദ്യസാഹിത്യം
(2014 Admission Onwards)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) എം. അച്യുതൻ എഴുതിയ ചെറുകഥാ പഠനഗ്രന്ഥം ?

2) 'മനുഷ്യപുത്രി' എന്ന ചെറുകഥ രചിച്ചതാര് ?

3) ''അതുമാത്രം നിങ്ങൾ എന്നോടു പറയരുത്. കലയിൽ കോംപ്രമൈസില്ല.'' – ആരുടെ വാക്കുകൾ ?

4) മലയാളത്തിലെ ആദ്യ സൈബർ നോവൽ ?

5) 'ചെറുകഥയുടെ ചരന്ദസ്സ്' എന്ന ഗ്രന്ഥം എഴുതിയതാര് ?

6) ദുർമാർഗി (The Immoralist) എന്ന നോവലിന്റെ കർത്താവാര് ?

7) ''കവികൾ വാക്കുകൊണ്ടേല്പിക്കുന്ന അനുഭൂതിക്ക് ഒരിക്കലും മറക്കരുതാത്ത ദാർഢ്യം കിട്ടുന്നത് അവയുടെ കലാത്മകത കൊണ്ടാണ് '' – ആരുടെ വാക്കുകൾ ?

8) ''ഞാനും ഒരു മനുഷ്യനാണ് !..... ഒരു മനുഷ്യപുത്രിയുടെ മകൻ'' – ആരുടേതാണീ വാക്കുകൾ ?

9) ഭഗവന്തി എന്ന കഥാപാത്രത്തെ അരങ്ങിൽ അവതരിപ്പിച്ചതാര് ?

10) ടി. പത്മനാഭന്റെ ഏതു കഥയ്ക്കാണ് വയലാർ അവാർഡ് ലഭിച്ചത് ? **(10×1=10 മാർക്ക്)**

P.T.O.

II. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

11) ''എന്നെ ഞാനായി മാത്രം കണ്ടാൽ എന്താണ് കുഴപ്പം'' ? – ആരുടേതാണീ വാക്കുകൾ ? സന്ദർഭമേത് ?

12) ''പ്രത്യയശാസ്ത്രങ്ങൾ മാത്രമല്ല കലയും രക്തസാക്ഷികളെ സൃഷ്ടിക്കുന്നു.'' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

13) ''ഏ, ശചീന്ദ്രാ ! നിങ്ങൾ വെറും മനുഷ്യനെപ്പോലെ ചാപല്യം തുടങ്ങുന്നതെന്ത് ? ഈ സ്ത്രീകളെ ലജ്ജയില്ലാതെ തുറിച്ചുനോക്കി അവരെ കഷ്ടപ്പെടുത്തുന്നതു നല്ലതാണോ ? – കഥാകൃത്ത് ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത് ?

14) ''എന്താ മേനോൻ ചേട്ടാ, വലിയ വിദ്യാഭ്യാസമൊക്കെയുണ്ടല്ലോ. അനുരാഗബന്ധത്തിന്റെ രഹസ്യമൊന്നും മനസ്സിലായിട്ടില്ലെന്നു തോന്നുന്നു'' – ലക്ഷ്മിക്കുട്ടി ഇങ്ങനെ പറയാൻ കാരണമെന്ത് ?

15) 'അച്യുതമ്മാമ' എന്ന കഥ മുന്നോട്ടു വെയ്ക്കുന്ന സാമൂഹ്യ പ്രശ്നമെന്ത് ?

16) ആറാംകാലം എന്ന കഥയുടെ പ്രമേയമെന്ത് ?

17) ''കലാകാരന്മാർക്ക് തലയുടെ പിൻവശവും കണ്ണുകൾ വേണം'' – ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

18) ''വാശിപിടിച്ചാ ഞാനെന്തു ചെയ്യാനാ അശോകാ ... കാലശേഷം എന്നൊക്കെ പറഞ്ഞ് കാത്തിരിക്കാൻ പറ്റ്വോ ? മറ്റുള്ളോർക്കും ജീവിക്കണ്ടേ''. ജനാർദ്ദനൻ ഏതു സാഹചര്യത്തിലാണ് ഇങ്ങനെ പറയുന്നത് ?

19) ''അത്ര മനോഹരമായ കൈകൾ അയാൾ അതിനുമുമ്പൊരിക്കലും കണ്ടിട്ടില്ല. എങ്കിലും ആ കൈകൾ തൊട്ടു നോക്കുവാൻ അയാൾ മടിച്ചു'' – സന്ദർഭമേത് ?

20) എന്റെ അലസത അവളെ ദേഷ്യം പിടിപ്പിച്ചു. അവൾ രണ്ടു രാജ്യങ്ങളേയും കുറ്റം പറഞ്ഞു.'' – ആരാണ് ദേഷ്യപ്പെട്ടത് ? സന്ദർഭമേത് ?

21) ''അപ്പോൾ നീ നിന്റെ എല്ലാ ഇൻഹിബിഷൻസും മറക്കും.'' എപ്പോൾ ? സന്ദർഭമേത് ?

22) ''ഗോകുൽ, നിങ്ങൾ പഴയമട്ടിലുള്ള ഒരു കമിതാവാണ്. ഇങ്ങനെയൊന്നും റൊമാന്റിക് ആകണ്ടേ ആവശ്യമില്ല''. ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

(8×2=16 മാർക്ക്)

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക :

23) ദുർമാർഗി (The Immoralist) കളിത്തോഴി എന്നീ നോവലുകൾക്കുള്ള സമാനതകൾ വിവരിക്കുക.

24) കാലഹരണപ്പെടാത്ത ചിന്തകളെ സഹജമായ നർമ്മബോധത്തോടെ, ആവിഷ്കരിക്കാൻ ഇ. വി. കൃഷ്ണപിള്ളക്കു കഴിഞ്ഞു. എന്റെ ഗന്ധർവസ്നേഹിതൻ എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക.

25) 'മാമ്പഴം' എന്ന കവിത ഒരു ആദർശത്തിന്റെ ആഖ്യാനമല്ല മറിച്ച് ഒരഭിലാഷത്തിന്റെ പൂരണമാകുന്നു (Wishfulfilment). – ഇങ്ങനെ പറയാൻ കാരണമെന്ത് ? വിശദീകരിക്കുക.

26) ശബ്ദം, അർത്ഥം എന്നീ അടിസ്ഥാന ഘടകങ്ങൾക്ക് കവിതയിലുള്ള സ്ഥാനം സുകുമാർ അഴീക്കോട് വിശദമാക്കുന്നതെങ്ങനെ ?

27) വേദനയിൽ ലയിച്ചുകൊണ്ട് തന്റെ ജീവിത വിജ്ഞാനം വർദ്ധിപ്പിക്കാനും രോഗത്തിന്റെ പീഢാനുഭവങ്ങളെ അമൃതസംഗീതമാക്കാനുമാണ് ചങ്ങമ്പുഴ ശ്രമിച്ചത് – സമർത്ഥിക്കുക.

28) പ്രമേയത്തിന്റെയും ശില്പത്തിന്റെയും മേന്മകൊണ്ട് ശ്രദ്ധേയമായിത്തീർന്ന കഥയാണ് 'മനുഷ്യപുത്രി' – വിലയിരുത്തുക.

29) 'ഇതാ ഇവിടെ വരെയുടെ പരസ്യവണ്ടി പുറപ്പെടുന്നു' എന്ന കഥയെ മുൻനിർത്തി മലയാളത്തിലെ ഉത്തരാധുനിക കഥകളുടെ സവിശേഷതകൾ വിലയിരുത്തുക.

30) കലാമണ്ഡലം കൃഷ്ണൻ നായരുടെ 'ഗുരുസ്മരണ' സംഗ്രഹിക്കുക.

31) ശിവാജി ഗണേശൻ എന്ന മഹാനടനെ ബാലചന്ദ്രൻ ചുള്ളിക്കാട് അവതരിപ്പിക്കുന്നതെങ്ങനെ ? വിശദീകരിക്കുക. **(6×4=24 മാർക്ക്)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) 'ലോല' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

33) സ്ത്രീക്ക് ഒരു ഉപഭോഗ വസ്തുവിന്റെ സ്ഥാനം മാത്രമേ കലാരംഗത്തുള്ളവർ പോലും നൽകുന്നുള്ളുവെന്ന് ഒരു ദളിത് യുവതിയുടെ കദനകഥ എന്ന നോവൽ വെളിപ്പെടുത്തുന്നു. ചർച്ച ചെയ്യുക.

34) ചങ്ങമ്പുഴയുടെ 'കളിത്തോഴി' ഒരു ഭവിഷ്യദ് ദർശനത്തിന്റെ കലാസൃഷ്ടിയാണ്. സോദാഹരണം ചർച്ച ചെയ്യുക.

35) നാർസിസവും ഈഡിപ്പസ് കോപ്ലക്സും സമ്മേളിക്കുന്ന കവിതയാണ് മാമ്പഴം എന്ന് എം. എൻ. വിജയൻ സ്ഥാപിക്കുന്നതെങ്ങനെ ? വിശദീകരിക്കുക.

(2×15=30 മാർക്ക്)